(*b*) Minimum daily wage of the labourers working: In the Travancore Plywood Industries–Rs. 2/-for male workers and Rs. 1/12/- for female workers.

In The Travancore Rubber Works–basic wage Re. 1/- plus dearness allowance Re. 1/- plus production bonus based on production.

In the Ceramic Factory–daily rate-

(1) those on muster roll Rs. 1/8/- to Rs. 2/8/-

(2) those on piece rate Rs. 1/12/- to Rs. 2/4/-

(3) unskilled and casual workers Re. 1/- to Re. 1/4/-

In Travancore Minerals Concerns it ranges from Rs. 2/4/- to Rs. 2/10/- for the direct muster roll labourers and Rs. 2/4/- and upwards for the contract labourers.

(*c*) Minimum wages have not been fixed in the Travancore Plywood Industries.

LIBRARY ARCHIVES Kerala Legislative Assembly

സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ.

161. [35] ശ്രീ. പി. വി. അവിരാതരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലെ സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത ബോർഡിലെ അംഗങ്ങൾ (1955 ആഗസ്റ്റ് 30-ലെ) ആരെല്ലാം;

(സി) കൂടുതൽ മെമ്പർമാരെ എടുത്ത് ബോർഡ് വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ നിയമസഭയിലെ വനിതാമെമ്പറന്മാർ ഇതിലെ അംഗങ്ങളാണോ?

ഉത്തരം

(എ) സ്റ്റേറ്റ്സോഷ്യൽവെൽഫെയർ അഡൈ്വസറിബോർഡ് സ്ത്രീകളുടെയും കുട്ടികളുടെയും അംഗവിഹീനരുടെയും സാമൂഹ്യക്ഷേമത്തെ മുൻനിറുത്തി ഗ്രാമീണ പ്രദേശങ്ങളിൽ വെൽഫെയർ എക്സ്റ്റൻഷൻപ്രോജക്ടുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ സാമൂഹ്യസേവനം നടത്തുന്ന സംഘടനകൾക്ക് സഹായം നൽകുന്നതിന് സെൻട്രൽ സോഷ്യൽ വെൽഫെയർബോർഡിനോടു് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

(ബി) 1955 ആഗസ്റ്റ് 30-ാം തീയതി ബോർഡിലെ അംഗങ്ങൾ താഴെ പറയുന്നവരായിരുന്നു.

1. ശ്രീമതി പി. തങ്കമ്മ, സെക്രട്ടറി മഹിളാമന്ദിരം, തിരുവനന്തപുരം (ചെയർമാൻ).

2. മിസ്സ് ശോശമ്മത്തു, സെക്രട്ടറി, വൈ. ഡബ്ലിയു. സി. എ., കേരളശാഖ, തിരുവല്ല.

3. മിസ്സിസ് ലിലാദാമോദരമേനോൻ, ഒറ്റപ്പാലം.

4. മിസ്സിസ് പട്ടം താണുപിള്ള, ഭഗവതിമന്ദിരം, പട്ടം, തിരുവനന്തപുരം.

5. ശ്രീ. ചെറിയാൻ തോമസ്, ഡിസ്ട്രിക്ട് ആർഗനൈസർ, ഇടമൻ കമ്മിറ്റി, കോട്ടയം.

6. മിസ്സിസ് പവിഴം മാധവൻനയർ, എറണാകുളം മിൽസ് ബിൽഡിംഗ്സ്, എറണാകുളം.

7. ശ്രീമതി പി. ജാനകിയമ്മ, ചെയർമാൻ, മുനിസിപ്പൽ കൗൺസിൽ, എറണാകുളം.

8. മിസ്സിസ് കെ. എ. മാത്യു, തിരുവല്ല.

9. ഗവണ്മെൻറ് സെക്രട്ടറി (വിദ്യാഭ്യാസം) കൺവീനർ.

(സി) 8-9-1955-ൽ അഡീഷണൽ ഡെവലപ്പ്മെൻറ് കമ്മീഷണരെക്കൂടി ഉൾപ്പെടുത്തി ബോർഡ് വികസിപ്പിക്കുകയുണ്ടായി. കൂടാതെ ശ്രീ. ചെറിയാൻതോമസ്സിനു പകരം മിസ്സിസ് ദേവകിഗോപിദാസ്സിനെ ബോർഡിലെ മെംബറായി നിയമിച്ചിട്ടുണ്ട്.

(ഡി) അല്ല.

ദേവാലയത്തിൽനിന്നുള്ള കാർഷികാദായ നികുതി.

162. [36] ശ്രീ. പി. വി. അവിരാതരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളികളിൽനിന്നും ഹിന്ദു ദേവാലയങ്ങളിൽ നിന്നും, ഹിന്ദുസ്ഥാപനങ്ങളിൽ നിന്നും കാർഷികാദായനികുതി എന്തുകൊണ്ട് ഈടാക്കീട്ടില്ല;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ആദായ നികുതി ഈടാക്കുന്നതിനു വല്ല നിയമവുമുണ്ടോ;

(സി) എത്ര ഏക്കർ കൃഷി സ്ഥലം കത്തോലിക്കാ പള്ളികളുടെയും മഠങ്ങളുടെയും ഹിന്ദുസ്ഥാപനങ്ങളുടെയും കൈവശമുണ്ട്?

ഉത്തരം.

(എ) ഈ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന കാർഷികാദായത്തെ തിരുവിതാംകൂർ-കൊച്ചി കാർഷികാദായനികുതി ആക്ട് 4 (ബി) വകുപ്പിൻ പ്രകാരം, പ്രസ്തുത ആക്ടിന്റെ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കീട്ടുള്ളതിനാൽ ഇവയുടെ മേൽ കാർഷികാദായ നികുതി ചുമത്തുവാൻ നിവൃത്തിയില്ല.

(ബി) മുൻ ഉത്തരത്തെ പരിഗണിച്ച് ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതിലേയ്ക്ക് പ്രത്യേകമായി സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിക്കപ്പെട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly